# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 688 07.01.2014 ൽ മറുപടിയ്ക്ക്

### കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. റ്റി. എ. റഹീം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | കസ്തൂരിരംഗൻ റിപ്പോർട്ടിന്റെയും, റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള വിജ്ഞാപനത്തിന്റെയും തുടർച്ചയായി സംസ്ഥാനത്തെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നു വിശദമാക്കുമോ; | (എ) | കസ്തൂരിരംഗൻ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട വില്ലേജുകളിൽ കാലാവധി കഴിഞ്ഞ പെർമിറ്റുകളിൽ ഖനനത്തിന് പുതുതായി അനുമതി നൽകുന്നില്ല. |
| (ബി) | ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കപ്പെട്ട 123 വില്ലേജുകളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലറിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ? | (ബി) | പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: 793/M2/2013

മൈനിങ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്,
കേശവദാസപുരം, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം - 695004.
**Tel./Fax : 0471-2447429.**
**e-mail : director.dir.dmg@kerala.gov.in**
**www.dmg.kerala.gov.in**
തീയതി : 21.11.2013

പ്രേഷിതൻ
മൈനിങ് & ജിയോളജി ഡയറക്ടർ

സ്വീകർത്താവ്
ജിയോളജിസ്റ്റ് / സീനിയർ ജിയോളജിസ്റ്റ്
തിരുവനന്തപുരം / കൊല്ലം / പത്തനംതിട്ട/ ആലപ്പുഴ/
കോട്ടയം / ഇടുക്കി / എറണാകുളം / തൃശ്ശൂർ/
പാലക്കാട് / മലപ്പുറം / കോഴിക്കോട് / വയനാട്/
കണ്ണൂർ / കാസർഗോഡ്

സർ,

വിഷയം:- പശ്ചിമഘട്ട മലനിരകളെ സംബന്ധിച്ച് പഠനം നടത്തി ഡോ.കെ.കസ്തൂരിരംഗൻ വനംപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച റിപ്പോർട്ട് - റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന വില്ലേജുകളിൽ ക്വാറീയിങ് അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന :- വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 13.11.2013 ലെ F.No.1-4/2012-RE (Pt) ഓഫീസ് മെമ്മൊറാണ്ടം

------------

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. പശ്ചിമഘട്ട മലനിരകളെ സംബന്ധിച്ച് പഠനം നടത്തി ഡോ.കെ.കസ്തൂരിരംഗൻ വനംപരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച റിപ്പോർട്ടിൽ കേരളത്തിലെ 123 വില്ലേജുകൾ Ecologically Sensitive Area ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വില്ലേജുകളിൽ ക്വാറീയിങ് ലീസ് സമ്പാദിച്ച് പ്രവർത്തിക്കുന്ന ക്വാറികൾക്ക് 5 വർഷം കൂടി പ്രവർത്തിപ്പിക്കുവാൻ അനുമതിയുള്ളതായി കാണുന്നു. എന്നാൽ നിലവിലുള്ള ലീസുകളുടെ കാലാവധി വരുന്ന 5 വർഷത്തിനുള്ളിൽ തീരുകയാണെങ്കിൽ ഈ ലീസുകൾ പുതുക്കുവാൻ സാധ്യമല്ല. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് മേൽപ്പറഞ്ഞ നിബന്ധന പ്രകാരം നടപടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു. എന്നാൽ ഈ വില്ലേജുകളിൽ നിലവിൽ 1 വർഷം വരെ കാലാവധിയുള്ള ക്വാറീയിങ് പെർമിറ്റ് അനുവദിച്ചിട്ടുള്ള ക്വാറികളുടെ സംഗതികളിൽ ഈ പെർമിറ്റിന്റെ കാലാവധി

തീരുന്നമുറയ്ക്ക് പെർമിറ്റ് പുതുക്കി നൽകേണ്ടെന്ന് നിർദ്ദേശം നൽകുന്നു. ഈ വിഷയം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ഈ വിഷയത്തിൽ വ്യക്തത ലഭിക്കുന്ന മുറയ്ക്ക് ജില്ലാ ഓഫീസുകൾ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും അറിയിക്കുന്നു. സൂചനയിലെ ഓഫീസ് മെമ്മൊറാണ്ടത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

DESPATCHED
Date 26/11/13

മൈനിങ് & ജിയോളജി ഡയറക്ടർ

ഉള്ളടക്കം : മേൽപ്രകാരം

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: 7935/M2/2013

മൈനിങ് ആന്റ് ജിയോളജി ഡയറക്ടറേറ്റ്,
കേശവദാസപുരം, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം - 695004.
**Tel./Fax : 0471-2447429.**
**e-mail : director.dir.dmg@kerala.gov.in**
**www.dmg.kerala.gov.in**
തീയതി : 06.12.2013

പ്രേഷിതൻ
മൈനിങ് & ജിയോളജി ഡയറക്ടർ

സ്വീകർത്താവ്
സീനിയർ ജിയോളജിസ്റ്റ് / ജിയോളജിസ്റ്റ്,
ജില്ലാ ആഫീസ്,
തിരുവനന്തപുരം / കൊല്ലം / പത്തനംതിട്ട / ആലപ്പുഴ /
കോട്ടയം / ഇടുക്കി / എറണാകുളം / തൃശൂർ / പാലക്കാട്/
മലപ്പുറം / കോഴിക്കോട് / വയനാട് / കണ്ണൂർ / കാസർഗോഡ്

കേരള മിനറൽ സ്ക്വാഡ്
(ദക്ഷിണ മേഖല/ മധ്യ മേഖല / വടക്കൻ മേഖല)

സർ,

വിഷയം:- MoEF/SEIAA യുടെ പരിസ്ഥിതികാനുമതി ഇല്ലാതെ ഖനനാനുമതി നല്കരുതെന്നുള്ള ബഹു. നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ-ന്റെ വിധി നടപ്പിലാക്കാൻ നിർദ്ദേശിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ഈ ആഫീസിലെ 21.11.13 ലെ ഇതേ നമ്പർ കത്ത്.
2. 16.11.13 ലെ MoEF ന്റെ ആഫീസ് മെമ്മോറാണ്ടം

സൂചന (1) കത്തിലെ നിർദ്ദേശങ്ങൾ പാലിക്കുമ്പോൾ സൂചന (2) ലെ ഖണ്ഡിക 6 പ്രകാരം ഉള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് വേണം നടപടി സ്വീകരിക്കേണ്ടതെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

മൈനിങ് & ജിയോളജി ഡയറക്ടർ

ഉടക്കം : സൂചന (2) ലെ MoEF ന്റെ ആഫീസ് മെമ്മോറാണ്ടം